4
ആഗസ്റ്റ് 2023
വെള്ളി
Pages- 5
Vol. 2 Issue 182

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

551

### കൊല്ലപ്പെട്ട കുക്കികളുടെ കൂട്ടസംസ്ക്കാരം;

# മണിപ്പൂരിൽ വീണ്ടും സംഘർഷ സാധ്യത



പേജ് 4 കാണുക

## മണിപ്പൂരിലെ പീഡിത ജനതയ്ക്ക് പിന്തുണയേകി അമേരിക്കയിലെ പ്രവാസികൾ

എഡിറ്റോറിയൽ
ക്രിസ്ത്യൻ ലൈവ്
2023 ആഗസ്റ്റ് 4 വെള്ളി



# പനപോലെ തഴച്ചുവളരുന്ന നീതിമാൻ

നീതിമാൻ പനപോലെ തഴക്കുമെന്നാണ് ദൈവം പറഞ്ഞിട്ടുള്ളത്. ഒരു നീതിമാനെ ദൈവം പനയോട് ഉപമിക്കുമ്പോൾ അതിനുള്ളിൽ ചില ദൈവീക സത്യങ്ങൾ ഉണ്ട്. പന ഒരു നിത്യഹരിത മരമാണ്. ഏതു കാലാവസ്ഥയിലും പനയുടെ ഇലകളുടെ നിറം പച്ചയാണ്. ഫലം പുറപ്പെടുവിക്കുന്ന മറ്റു മരങ്ങൾ എല്ലാം അവയുടെ പച്ചപ്പുള്ള ഇലകളാൽ നിറയുന്നത് വസന്തകാലത്താണ്.
കൊയ്ത്തുകാലത്ത് അവയുടെ ഇലയുടെ നിറം മാറി വാടി നിൽക്കുന്നു.എന്നാൽ ഏതു കാലം വന്നാലും മാറിയാലും പന എന്നും ഹരിത വർണ്ണത്തിൽ നിലനിൽക്കുന്നു.

എന്തെങ്കിലും പ്രത്യേക പ്രാർത്ഥനകൾ സംഘടിപ്പിക്കുമ്പോളോ, എല്ലാവരും ഒരുമിച്ചു കൂടുമ്പോളോ ഉണ്ടാകുന്ന ഒരു ആത്മീയ ഉണർവല്ല. ആരുമില്ലെങ്കിലും ഒറ്റക്കാണെകിലും തഴച്ചു വളരുന്ന അനുഭവം നമുക്കുണ്ടാകണം.ആദ്യസ്നേഹത്തിന്റെ കുളിർമ്മ ഒരിക്കലും നഷ്ടപ്പെടാതെ അതിൽ തന്നെ നിറഞ്ഞു കവിയുന്ന അനുഭവം നമുക്കുണ്ടാകണം.

പനയുടെ മറ്റൊരു പ്രത്യേകത അതിന്റെ സൗന്ദര്യമാണ്. പ്രത്യേകിച്ച് അതിന്റെ പച്ച ഇലകളിൽ സൂര്യപ്രകാശം തട്ടുമ്പോൾ അതിന്റെ സൗന്ദര്യം വർദ്ധിക്കുന്നു. നമ്മുടെ ആത്മീയ പച്ചപ്പിൽ സ്വർഗ്ഗീയ വെളിച്ചമടിക്കുമ്പോൾ നമ്മുടെ ആത്മീയ സൗന്ദര്യം വർധിക്കുന്നു. അത് വിശുദ്ധിയുടെ സൗന്ദര്യമാണ്.
ഭൂമിയിലെ സാഹചര്യങ്ങളിൽ നിന്നും വലിച്ചെടുക്കുന്ന അഴകല്ല മറിച്ച് സ്വർഗീയമായതിൽ നിന്നും സ്വീകരിക്കുന്ന ലാവണ്യത്താൽ നാം മനോഹരമാകണം.

പനയ്ക്കുള്ളിൽ നിറയെ ചാറ് നിറഞ്ഞിരിക്കുന്നു. അതിന്റെ ജീവൻ ഇരിക്കുന്നത് അതുനുള്ളിലൂടെ ഒഴുകുന്ന നീരിലും രസത്തിലുമാണ്. വേരുകൾ മുതൽ അതിന്റെ തായ്തടിയിലൂടെ ശിഖരങ്ങളിയ്ക്ക് ഒഴുകുന്ന പനയുടെ നീരാണ് അതിന്റെ ജീവന്റെ രഹസ്യം. നമ്മിലൂടെ ഒഴുകുന്ന ദൈവീക സ്നേഹമാണ് നമ്മുടെ നിലനിൽപ്പിന്റെ രഹസ്യം.

അതിന്റെ വേരുകൾ ആഴത്തിലുള്ള വെള്ളം കണ്ടെത്തും വരെ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. വേരുകൾ വെള്ളത്തെ രസമാക്കി മാറ്റി അതിനെ പനയിലേയ്ക്ക് കടത്തിവിടുന്നു. തുടർമാനമായി ദൈവാത്മാവുമായി ബന്ധം പുലർത്തുന്ന ഒരു ദൈവപൈതൽ തന്റെ ജീവിതത്തിൽ ദൈവീക മാധുര്യം അനുഭവിക്കുകയും കൃപയുടെ ഫലങ്ങൾ നാൾതോറും പുറപ്പെടുവിക്കുകയും ചെയ്യുന്നു.

പനയുടെ മറ്റൊരു അനുഗ്രഹം അതിന്റെ മധുരമുള്ള ഫലങ്ങളാണ്. വെള്ളം വലിച്ചെടുക്കുന്ന വേരുകളും ചാറിനെ ഒഴുക്കിവിടുന്ന തായ്തടിയും സൂര്യപ്രകാശം സ്വീകരിച്ചു പകർന്നു നൽകുന്ന ഇലകളും കൂടെ ഒരുമിച്ചു കൂടുമ്പോൾ ഏറ്റവും മധുരമായ ഫലങ്ങൾ പുറപ്പെടുന്നു. ഇമ്പമാർന്ന വാക്കുകളും മനോഭാവങ്ങളും നമ്മിൽ നിന്നും പുറപ്പെടുവാൻ നാം ദൈവീക പരിപോക്ഷണത്തിൽ വസിയ്ക്കേണം. നമ്മുടെ ഉള്ളിലേയ്ക്ക് നാം എന്ത് കടത്തിവിടുന്നുവോ അതാണ് നമ്മുടെ ഫലത്തിന്റെ സ്വാദ് നിശ്ചയിക്കുന്നത്. ഈ ലോകത്തിന്റെ മാലിന്യങ്ങളും അവിശ്വാസവും ഭയവും വെറുപ്പും വെളിയിൽ കളഞ്ഞിട്ട് ദൈവീക സ്വഭാവങ്ങൾ നമ്മിലേക്ക് വ്യാപാരിച്ചിറങ്ങുവാൻ നാം മനസ്സുവയ്ക്കണം.

പന വളരുന്നത് മരുഭൂമിയിലാണ്. പനയുടെ സൗന്ദര്യം കാണുവാൻ തിരക്കുള്ള പട്ടണത്തിലോ നിബിഢമായ വനത്തിലോ പോയാൽ സാധ്യമല്ല. പനയുടെ പൂർണ്ണ സൗന്ദര്യം കാണുവാൻ ചുട്ടു പഴുത്തു കിടക്കുന്ന മരുഭൂമിയിൽ പോകണം. യാത്ര ചെയ്ത് തളർന്നു വരുന്ന യാത്രക്കാരന് ആശ്വാസം നൽകുന്ന പന നിൽക്കുന്നയിടത്ത് ഒരു നീരുറവയും കാണും. യാത്രക്കാരൻ വരുന്നത് പന മാത്രം കണ്ടുതുകൊണ്ടല്ല. പനയുണ്ടെങ്കിൽ അതിനു സമീപം ഒരു ചെറിയ നീരുറവയും പ്രതീക്ഷിക്കാം. മരുപ്പച്ചകൾ ഉണ്ടാക്കുന്നതിൽ പനകൾക്കൊരു വലിയ പങ്കുണ്ട്.

ഒരേ സമയം വെള്ളത്തെ ആശ്രയിച്ചും വെള്ളത്തെ നിലനിർത്തിയും പനകൾ വളരുന്നു. നാമും ഒരേ സമയം ദൈവത്തിൽ ആശ്രയിക്കുകയും ദൈവ സാന്നിധ്യത്തെ നാം നിലനിർത്തുകയും ചെയ്യണം. പനമരം ഒറ്റക്കല്ല നിൽക്കുന്നത്. ഒരു പന ഒരിടത്തു വളർന്നാൽ അതിന്റെ കൂടെ, അതിൽ നിന്ന് തന്നെ അനേകം തൈകൾ വളരുവാൻ അനുവദിക്കുന്നു. ഒന്നിനോട് കൂടിച്ചേർന്ന് മറ്റു പലതും മുളക്കുവാൻ സാഹചര്യം ഒരുക്കുന്ന പനമരങ്ങൾ ഒരു കുടുംബാന്തരീക്ഷത്തെ സൃഷ്ടിച്ചെടുക്കുന്നു. അനേകർ ഉണങ്ങി വാടി കരിഞ്ഞു കൊണ്ടിരിക്കുമ്പോൾ അവരെ ചേർത്തുനിർത്തി വളർത്തുവാനും അവരുടെ വളർച്ചയിൽ സന്തോഷിക്കുവാനുമുള്ള ഒരു മനസ്സ് നമുക്കുണ്ടാകണം. പനപോലെ വളർന്ന് പനപോലുള്ള അനുഗ്രഹം സ്വീകരിക്കുവാൻ നാം പല ത്യാഗങ്ങളും ചെയ്യണം. ഉയർന്നു പൊങ്ങി മറ്റുള്ളവരെ ചവിട്ടിത്താഴ്ത്തി ഒറ്റയ്ക്ക് വളരുവാനല്ല, ഒരുമിച്ചു വളരുവാൻ നാം ദൈവ സന്നിധിയിൽ വിശ്വസ്തരായി വസിക്കേണം.

വേർതിരിക്കപ്പെട്ട പനവൃക്ഷങ്ങളാകാം.
ദൈവീക രസം നിറഞ്ഞ്, ദൈവീക ഉറവയിൽ നിന്നും കുടിച്ച്, ദൈവസന്നിധിയിലെ ചൂടേറ്റ്, സൗന്ദര്യത്തോടെയും മാധുര്യത്തോടെയും, തളർന്നവർക്കൊരാശ്വാസമായി, സകലകാലത്തും പച്ചപിടിച്ചും പുഷ്ടിവച്ചും, ഒരുമിച്ചു വളരുവാൻ ഇമ്പമാർന്ന ഒരു ജീവിതം നയിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.


ബ്ലസ്സൻ ചെറിയാൻ,
കാനഡ

# ജയിലിൽ 7000 ദിവസങ്ങൾ പിന്നിട്ടു രണ്ടു സുവിശേഷകർ



എറിത്രിയൻ ജയിലിൽ 7000 ദിവസങ്ങൾ പിന്നിട്ടു രണ്ടു പാസ്റ്റർമാർ. എറിത്രിയയിൽ കർത്താവിനെ ആരാധിക്കുന്നതിലും കർത്താവിനുവേണ്ടി പ്രവർത്തിക്കുന്നതിന്റെയും പേരിൽ ഇരുണ്ട തടവറകൾക്കുള്ളിൽ വർഷങ്ങളായി നരകയാതന അനുഭവിക്കുന്ന നൂറുകണക്കിനു വിശ്വാസികളും ദൈവദാസന്മാരുമുണ്ട്.19 വർഷം മുമ്പ്, രണ്ട് എറിട്രിയൻ പാസ്റ്റർമാരായ കിഫ്ളു ഗെബ്രെമെസ്ക്കൽ !, ഹെയ്ലെ നൈസ്ഗി എന്നിവർ അറസ്റ്റിലായി, ഇന്നും ജയിലിലാണ്.

പ്രമുഖ ക്രൈസ്തവ മാധ്യമപ്രവർത്തകനായ ടോഡ് നെറ്റിൽടണാണ് ഈ വിവരം പങ്കുവെച്ചത്. എറിത്രിയയിൽ പീഢിപ്പിക്കപ്പെടുന്ന നിരവധി പാസ്റ്റർമാരെയും വിശ്വാസികളെയും കാണുവാനും പരിചയപ്പെടുവാനുമിടയായി.എറിത്രിയൻ തടവറകളിൽ കഴിയുന്നവരെ പ്രത്യേകം സന്ദർശിക്കുവാനും അവസരം ലഭിച്ചു. രാജ്യത്ത് ഓർത്തഡോക്സ്, കത്തോലിക്ക, ലൂഥറൻ പള്ളികൾ മാത്രം മതിയെന്നും മറ്റു സുവിശേഷ വിഹിത പെന്തക്കോസ്ത് സഭകൾക്കും മറ്റും ആരാധനാ സ്വാതന്ത്ര്യമില്ലെന്നും സർക്കാർ ഉത്തരവിറക്കുകയുണ്ടായി.

ഇതുമൂലം ആരാധനാലയങ്ങൾ അടച്ചു പൂട്ടിയെങ്കിലും ജനം വീടുകളിലും മറ്റു രഹസ്യ കേന്ദ്രങ്ങളിലും കൂട്ടായ്മകൾ നടത്തി വരികയായിരുന്നു.
ഇവിടെ എറിത്രിയ പോലീസ് റെയ്ഡുകൾ നടത്തിയാണ് വിശ്വാസികളെയും പാസ്റ്റർമാരെയും കസ്റ്റഡയിലെടുക്കുന്നത്. വിചാരണ പോലും നടത്താതെ ജയിലുകളിലും കപ്പൽ കണ്ടെയ്നറുകൾ താൽക്കാലിക തടവറകളായി ഉണ്ടാക്കി അതിൽ അടയ്ക്കുകയും ചെയ്തു. ഇങ്ങനെ വർഷങ്ങളായി ഇരുണ്ട തടവറകളിൽ നരകയാതന അനുഭവിക്കുന്നവർ ഏകദേശം 400 പേരോളമുണ്ടെന്നാണ് റിപ്പോർട്ട്.

# ഐസിപിഎഫ് എറണാകുളം ചാപ്റ്റർ യൂത്ത് റിട്രീറ്റ് ആഗസ്റ്റ് 6ന്

കൊച്ചി: ഇൻറർ കൊളീജിയേറ്റ് പ്രയർ ഫെലോഷിപ്പ് ( ഐസിപിഎഫ് ) എറണാകുളം ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 6 ഞായർ വൈകിട്ട് 3.30 മുതൽ മാമംഗലം ചർച്ച് ഓഫ് ഗോഡ് ഹാളിൽ യുവജന സമ്മേളനം നടക്കും. 'മാറ്റം' എന്ന ചിന്താവിഷയം ആസ്പദമാക്കി ഡോ. സിനി ജോയ്സ് മാത്യൂ മുഖ്യ സന്ദേശം നൽകും. ഐസിപിഎഫ് ബാൻഡ് ഒരുക്കുന്ന സ്തുതിയും ആരാധനയും തുടങ്ങി വിവിധ പരിപാടികളും നടക്കും. എറണാകുളം സ്റ്റാഫ് വർക്കർ ബ്രദർ.മാനുവേൽ ജോസഫ് നേതൃത്വം നൽകും.

Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD
Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George
Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .
+91 9188522220 +91 9846552220
Email: cnl7news@gmail.com
Layout: Shaji Vazhoor ... 9656571354

## ഐ.പി സി കേരള സ്റ്റേറ്റ് കൺവൻഷന്റെ അനുഗ്രഹത്തിനു വേണ്ടി ഉപവാസ പ്രാർത്ഥന

വടക്കഞ്ചേരി : ഐപിസി കേരള സ്റ്റേറ്റ് കൺവെൻഷൻ 2023 നവംബർ 29 മുതൽ ഡിസംബർ 3 വരെ കൺവെൻഷന്റെ അനുഗ്രഹത്തിനും ക്രമീകരണങ്ങൾക്കും വേണ്ടിയുള്ള ഉപവാസ പ്രാർത്ഥന വടക്കഞ്ചേരി ഐപിസി ഹാളിൽ വച്ച് ആഗസ്റ്റ് 2 ന് അനുഗ്രഹമായി നടത്തപ്പെട്ടു. കേരള സ്റ്റേറ്റ് പ്രയർ ബോർഡ് ചെയർമാൻ പാസ്റ്റർ മാത്യു. കെ വർഗീസ് പാസ്റ്റർ ജോണി കുട്ടി വി.റ്റി പാസ്റ്റർ ജോസ് വർഗീസ് എന്നിവർ പ്രസംഗിച്ചു.

പ്രയർ ബോർഡ് സ്റ്റേറ്റ് സെക്രട്ടറി സജി വെൺമണി ട്രഷറർ എബ്രഹാം സി. മാത്യു സെൻറർ പാസ്റ്റർഎം. ജെ മത്തായി എന്നിവരും കൺവെൻഷന്റെ പ്രയർ കൺവീനർ പാസ്റ്റർ സിജു കെ എം ജോയിൻ കൺവീനർ ആയ പാസ്റ്റർ കെ എം ശവുമേൽ കെ ടി തോമസ് എന്നിവരും പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ജനറൽ ജോയിൻ കൺവീനർ പാസ്റ്റർ ജിമ്മി കുര്യാക്കോസ് സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളായ ബ്രദർ എബ്രഹാം വടക്കേത്ത്, ബ്രദർ സജി മത്തായി കതേട്, ബ്രദർ വിൻസൻറ് തോമസ് കൺവെൻഷൻ ജോയിൻ കോഡിനേറ്റേഴ്സ് ബ്രദർ ജോർജ് തോമസ് വടക്കഞ്ചേരി ബ്രദർ പി. വി മാത്യു എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## ത്രിദിന ഉപവാസ പ്രാർത്ഥനയും ഉണർവ് യോഗവും

മാവേലിക്കര : ഐപിസി മാവേലിക്കര ഈസ്റ്റ് ഡിസ്റ്റിക് പ്രയർ & റിവൈവൽ ബോർഡിന്റെ ആഭിമുഖ്യത്തിൽ ത്രിദിന ഉപവാസ പ്രാർത്ഥനയും ഉണർവ് യോഗവും ഓഗസ്റ്റ് 1012 വരെ ചുനക്കര ഐപിസി സിയോൺ ചർച്ചിൽ നടക്കും. പകൽ 10 മുതൽ 1 മണി വരെയും വൈകിട്ട്: 6 മുതൽ 8:30 മണി വരെയും നടക്കുന്ന യോഗങ്ങളിൽ പാസ്റ്റർ തോമസ് ഫിലിപ്പ് (ഐപിസി ഡിസ്ട്രിക്ട് മിനിസ്റ്റർ), പാസ്റ്റർ ബിന്നി ജോൺ (കൊട്ടാരക്കര), പാസ്റ്റർ റോണി എബ്രഹാം (അടൂർ) എന്നിവർ വചനശുശ്രുഷ നിർവഹിക്കും. ഷക്കേന മ്യൂസിക്, കായംകുളം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

## ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് തെക്കൻ മേഖല പ്രാർത്ഥനാ സംഗമം

കോട്ടയം: ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് പ്രയർ ഡിപ്പാർട്ട്മെന്റിന്റെ തെക്കൻ മേഖല പ്രാർത്ഥനാസംഗമം ഓഗസ്റ്റ് 7 നു തിങ്കളാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണി വരെ തിരുവനന്തപുരം പന്നിയോട് ദൈവസഭയിൽ നടക്കും. സൗത്ത് സോൺ ഡയറക്ടർ പാസ്റ്റർ ടി.എം. മാമച്ചൻ ഉദ്ഘാടനം ചെയ്യും. സ്റ്റേറ്റ് പ്രയർ ബോർഡ് ഡയറക്ടർ പാസ്റ്റർ ലൈജു നൈനാൻ, സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ സജി ജോർജ് എന്നിവർ ദൈവവചന സന്ദേശം നൽകും.

സൗത്ത് സോൺ ജോയിൻ ഡയറക്ടർ പാസ്റ്റർ സി. എം. വത്സല ദാസ്, പാസ്റ്റർ ഈപ്പച്ചൻ തോമസ് (മേഖലാ കോ ഓർഡിനേറ്റർ ), പ്രയർ ബോർഡിന്റെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് മെമ്പേഴ്സ്, പാസ്റ്റർമാരായ ഇ. എസ്. ജോൺ (ജോ. ഡയറക്ടർ), കെ. എ. ഡേവിഡ് (സെക്രട്ടറി) , പ്രൈസ് തോമസ് (ജോ. സെക്രട്ടറി), ബ്രദർ പി. ജെ. രാജു (ട്രഷറർ), പാസ്റ്റർ ജോൺ മാത്യു(ജോ. ട്രഷർ,) എം.ഇ. റെജി ( കോ ഓർഡിനേറ്റർ ), സജി മുട്ടം ധതോമസ് ജോസഫ് പ (ജോ. കോ ഓർഡിനേറ്റർ), ജേക്കബ് ബെഞ്ചമിൻ ( പബ്ലിസിറ്റി കൺവീനർ), ബിനു ജോൺ (ജോ.കൺവീനർ), പ്രയർ ബോർഡ് എക്സിക്യൂട്ടീവ് മെമ്പേഴ്സ്, സ്റ്റേറ്റ് പ്രയർ ബോർഡ്മെമ്പേഴ്സ് ഡിസ്ട്രിക്റ്റ് പാസ്റ്റേഴ്സ് മേഖല ഭാരവാഹികൾ ദൈവസഭ ഭരണസമിതി അംഗങ്ങൾ ഡിപ്പാർട്ട്മെന്റ് ഹെഡ്സ് എന്നിവർ പങ്കെടുക്കും.

പാസ്റ്റർമാരായ ബാബു ജോസഫ് (രക്ഷാധികാരി), ജോസ് ബേബി( ജോയിൻ രക്ഷാധികാരി) റോബിൻ സി. (കോ ഓർഡിനേറ്റർ), ഡേവിഡ് രാജ് (ജോയിന്റ് കോ ഓർഡിനേറ്റർ ), വി.എൽ. ക്രിസ്റ്റഫർ, (സോണൽ സെക്രട്ടറി ), സാം രാജ് എസ്. ഇ. (ജോയിൻ സെക്രട്ടറി ), സക്കറിയ എബ്രഹാം, (ട്രഷറർ ) സ്റ്റേറ്റ് ബോർഡ് മെമ്പർമാരായ ജേക്കബ് ബെഞ്ചമിൻ, സജു സാം, ബിനു കെ. ചെറിയാൻ, ബ്രദർ കുര്യൻ കെ. രാജു എന്നിവർ പ്രാർത്ഥനാ സംഗമത്തിനു നേതൃത്വം നൽകും.

# ലോക യുവജന സംഗമത്തിൽ ക്രൈസ്തവ പീഡനങ്ങളെപ്പറ്റി ബോധവൽക്കരണവുമായി സന്നദ്ധ സംഘടന

ലിസ്ബൺ: ലിസ്ബണിൽ ലോക യുവജന സംഗമത്തിനെത്തിയ യുവജനങ്ങളുടെ ഇടയിൽ ക്രൈസ്തവർക്ക് നേരെ നടക്കുന്ന അക്രമങ്ങളെ പറ്റി ബോധവൽക്കരണം നടത്താനുള്ള പദ്ധതികളുമായി ക്രൈസ്തവ സന്നദ്ധ സംഘടനയായ എയിഡ് ടു ദ ചർച്ച് ഇൻ നീഡ്. ഓരോരുത്തരുടെയും രാജ്യങ്ങളിൽ പീഡിത സഭക്ക് കൈത്താങ്ങായി മാറാൻ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്നതാണ് എസിഎൻ ലക്ഷ്യംവെക്കുന്നത്. സാധിക്കുന്ന അത്രയും ആളുകളെ ലോകമെമ്പാടുമുള്ള പീഡിത സഭയെപ്പറ്റി ബോധവൽക്കരിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് സംഘടനയുടെ പോർച്ചുഗലിലെ ഓഫീസ് പുറത്തുവിട്ട പ്രസ്താവനയിൽ പറയുന്നു. പീഡിത സഭയെ കുറിച്ച് ഒരുപാട് പേർക്ക് ഇപ്പോഴും ബോധ്യമില്ലെന്ന് പ്രസ്താവന പുറത്തിറക്കിയ സംഘടനയുടെ ദേശീയ അധ്യക്ഷ കാതറീന മാർട്ടിൻസ് ചൂണ്ടിക്കാട്ടി. വോളണ്ടിയർമാരെ കണ്ടെത്താനും, പ്രദർശനങ്ങൾക്ക് വേണ്ടിയുള്ള വസ്തുവകകൾ കണ്ടെത്താനും, മറ്റുള്ള കാര്യങ്ങൾക്കും വേണ്ടി എയിഡ് ടു ദ ചർച്ച് ഇൻ നീഡിന്റെ പ്രവർത്തകർ ഏതാനും ദിവസങ്ങളായി തിരക്കിലായിരുന്നു. വളരെ പ്രധാനപ്പെട്ട ഒരു ഉത്തരവാദിത്വമായിട്ടാണ് സംഘടന ഇതിനെ കാണുന്നതെന്നും അവർ കൂട്ടിച്ചേർത്തു. 'ഹീറോസ് ഇൻ ഫെയ്ത്ത്' എന്ന പേരിലായിരിക്കും എസിഎൻ പരിപാടികൾ സംഘടിപ്പിക്കുക.

മാർട്ടിയേഴ്സ് ബസിലിക്ക സുപ്രധാന വേദിയാണ്. ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദികൾ നശിപ്പിച്ച ക്രൈസ്തവ വിശ്വാസവുമായി ബന്ധപ്പെട്ട വസ്തുക്കൾ ഇവിടെ പ്രദർശനത്തിന് ഒരുക്കും. ബസിലിക്കാ ദേവാലയത്തിൽ ഷിയാ മുസ്ലിം വിശ്വാസം ഉപേക്ഷിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച ജോസഫ് ഫടൽ എന്നൊരു വ്യക്തിയുടെയും, പലസ്തീനിയൻ ക്രൈസ്തവ വിശ്വാസിയായ റാഫി ഖട്ടാസ് എന്ന ഒരു വ്യക്തിയുടെയും സാക്ഷ്യങ്ങൾ ഉണ്ടായിരിക്കും. ഇതുകൂടാതെ ക്രൈസ്തവ പീഡനങ്ങളിലേക്ക് വെളിച്ചം വീശുന്ന ചിത്രങ്ങളുടെ പ്രദർശനവും വിശ്വാസം പരീക്ഷിക്കപ്പെടുന്നവരുടെ ഡോക്യുമെന്ററി ചിത്രങ്ങളുടെ പ്രദർശനവും സംഘടന ഒരുക്കുന്നുണ്ട്.

# മണിപ്പൂരിലെ പീഡിത ജനതയ്ക്ക് പിന്തുണയേകി അമേരിക്കയിലെ പ്രവാസികൾ




ഡാളസ് : മണിപ്പൂരിൽ ന്യൂനപക്ഷ ക്രൈസ്തവരെ പീഡിപ്പിച്ച് പള്ളികളും ഭവനങ്ങളും തകർത്തതിൽ പ്രതിഷേധിച്ച് ഇർവിംഗ് ഗാന്ധി പാർക്കിൽ അമേരിക്കയിലെ ക്രൈസ്തവർ പ്രതിഷേധ പ്രകടനം നടത്തി. കർണാടക, തമിഴ്നാട്, മണിപ്പൂർ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള പ്രവാസി ജനങ്ങളും പെന്തെക്കോസ്തു സഭാശുശ്രൂഷകരും വിശ്വാസികളും പങ്കെടുത്ത് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

ഇന്ത്യൻ പ്രധാനമന്ത്രിയ്ക്ക് പ്രതിഷേധം അറിയിക്കുവാനും തീരുമാനിച്ചു. മതേതര രാഷ്ട്രമായ ഇന്ത്യയിൽ ഇത്തരത്തിൽ ഒരു കൈസ്തവ പീഡനം അപലപനീയമാണെന്ന് യോഗം വിലയിരുത്തി. പീഡിതരായ ജനതയ്ക്കു വേണ്ടിയുള്ള പ്രാർത്ഥിയ്ക്കണമെന്നും ഡാളസ് പട്ടണത്തിലെ പെന്തെക്കോസ്തു സഭകളുടെ ഐക്യവേദിയായ ഡാളസ് സിറ്റി വൈഡ് ഫേലോഷിപ്പ് ചെയർമാൻ റവ. മാത്യു ശാമുവേൽ ആഹ്വാനം ചെയ്തു.

# നോർത്ത് അമേരിക്കൻ ശാരോൻ ഫെലോഷിപ്പ് ചർച്ചിന് പുതിയ നേതൃത്വം



ഒക്കലഹോമ: പതിനെട്ടാമത് ശാരോൻ കോൺഫ്രസിനോട് അനുബന്ധിച്ച് നടന്ന ജനറൽ ബോഡിയിൽ പുതിയ ഭരണസമിതി നിലവിൽ വന്നു. പ്രസിഡന്റ്: ഡോ. റ്റിങ്കു തോംസൺ, വൈസ് പ്രസിഡന്റ്: റവ. സന്തോഷ് തര്യൻ , ജനറൽ സെക്രട്ടറി: ബ്രദർ: ജോൺസൻ ഉമ്മൻ എന്നിവരെ തെരഞ്ഞെടുത്തു.
ജോയിന്റ് സെക്രട്ടറി : ബ്രദർ. എബ്രഹാം വർഗ്ഗീസ്, ട്രഷറർ: ബ്രദർ. എബി ജോൺ, യൂത്ത് കോർഡിനേറ്റർ: പാസ്റ്റർ. റെൻ ഫിന്നി, മിഷൻ ഡയറക്ടർ : പാസ്റ്റർ. ബാബു തോമസ്, സൺഡെസ്ക്കൂൾ ഡയറക്ടർ: പാസ്റ്റർ. തേജസ്സ് തോമസ്, നാഷണൽ മീഡിയ ഡയറക്ടർ: ബ്രദർ. ഷെറി കെ ജോർജ്ജ് എന്നിവരാണ് മറ്റു ഭാരവാഹികൾ. പാസ്റ്റർ. ജോസഫ് റ്റി ജോസഫിന്റെ നേതൃത്വത്തിൽ നടന്ന ജനറൽ ബോഡിയിൽ മുൻ ജനറൽ സെക്രട്ടറി. ബ്രദർ. ജയിംസ് ഉമ്മൻ തുടങ്ങി പ്രമുഖർ പങ്കെടുത്തു.

## മണിപ്പൂർ: പ്രാർഥനാ നിരതരായി യു എ ഇ യിലും വിശ്വാസ സമൂഹം

ഷാർജ: ക്രൈസ്തവ സമൂഹം മണിപ്പൂരിൽ ക്രൂരമായി പീഡിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ യുഎഇയിലെ ദൈവമക്കൾ ഒന്നടങ്കം ദൈവസന്നിധിയിൽ പ്രത്യേകം പ്രാർത്ഥനയിൽ ചെലവഴിക്കാൻ തീരുമാനിച്ചു. ആഗസ്റ്റ് 8 ന് വൈകിട്ട് 7.30 ന് തുടങ്ങുന്ന പ്രാർത്ഥനയ്ക്ക് ക്രിസ്ത്യൻ ലൈവ് ഷാർജാ യൂണിറ്റ് നേതൃത്വം നൽകുമെന്ന് പ്രസിഡണ്ട് പാസ്റ്റർ രാജീവ് സേവ്യറും സെക്രട്ടറി അലക്സ് സാമുവേലും അറിയിച്ചു.

# ബാബു പാസ്റ്ററിന്റെ തലയിണ!!!



ജീമോൻ മെയ്ക്കാട്ട്

ഇന്ന് രാത്രിയിൽ ബാബു പാസ്റ്ററിന്റെ യാത്ര അയപ്പ് യോഗമാണ്. കഴിഞ്ഞ അഞ്ചു വർഷം സഭയിൽ ഇരുന്നു ആത്മാക്കളെ നേടിയ ബാബു പാസ്റ്റർ ! എല്ലോരോടും സ്നേഹം മാത്രം. ഒരുരാഷ്ട്രീയത്തിനും അടിമപ്പെടാത്തവൻ. സന്തോഷവും സങ്കടവും നഷ്ടവും പുഞ്ചിരിയോടുനേരിടുന്നവൻ.! ആടുകളുടെ കണക്കു ഉടയവന് ഒരുദിനം കൊടുക്കേണ്ടതാണെന്ന് അറിഞ്ഞു ആടുകളെ വചനാടിസ്ഥാനത്തിൽ പരിപാലിക്കാൻ തന്നാൽ ആവോളം ഉത്സാഹിച്ചു പ്രവർത്തിക്കുന്ന ബാബു പാസ്റ്റർ. മാതാപിതാക്കൾ ചെറുപ്പത്തിലേ ദൈവദാസ്സൻമാരെ സ്നേഹിച്ചു ബഹുമാനിക്കാൻ പഠിപ്പിച്ചതുകൊണ്ടാകാം

എന്തോ എന്റെ കാലുകൾ ബാബു പാസ്റ്ററിന്റെ അടുത്തേക്ക് പോകാൻ വെമ്പൽ കൊണ്ടു. ഞാൻ പതിയെ സഭാ ഹോൾ ലക്ഷ്യമാക്കി നടന്നു.

ഞാൻ ചെല്ലുമ്പോൾ എപ്പോഴും കാണാറുള്ളതുപോലെ പാസ്റ്ററിന്റെ പഴയ തലയിണ മടിയിൽ വെച്ച് കണ്ണടച്ചിരിക്കുന്നു . ആ കണ്ണിൽനിന്നു കണ്ണുനീർ മടിയിലിരിക്കുന്ന തലയിണയിലേക്ക് തുള്ളിയായി വീഴുന്നു . എന്റെ കാൽപെരുമാറ്റം കേട്ടു എഴുന്നേറ്റു കണ്ണ് തുടച്ചു. എന്നിട്ട് പസ്റ്ററുടെ പതിവ് ശൈലിയിൽ ശീമച്ചോ എന്ന വിളിയും, താൻ കരത്തിൽ മുറുകെ പിടിച്ചു തന്ന ആ ഷേക്ക്ഹാൻഡിനും ഉണ്ടായിരുന്നു ഒരു ആത്മാർത്ഥത.

എന്തെ പാസ്റ്റർക്കു ഇവിടംവിട്ടു പോകുന്നതിൽ വേദനയാണെന്ന് തോനുന്നല്ലോ.? തീർച്ചയായും എത്ര ആയാലും സ്നേഹിക്കുന്ന സ്വന്തം ആടുകളെ പിരിയുന്ന വേദന ഒരു ഇടയനു മാത്രമേ അറിയൂ . പോയല്ലേ പറ്റൂ ദൈവം ആക്കുന്നിടത്ത് വിശ്വസ്ഥനായി നിൽക്കണം. ദൈവത്തേക്കാൾ അധികംആരേയും സ്നേഹിക്കാത്തതിനാൽ നഷ്ടങ്ങളുടെ കണക്ക് ഒത്തിരി ഉണ്ട്. ലാഭമായത് എല്ലാം ചേതം എന്നെണ്ണി പോകുകയാണ് .

സംസാരിക്കുമ്പോൾ, നനഞ്ഞു കുതിർന്ന തലയിണ ബാബുപാസ്റ്റർ മാറോടു ചേർത്ത് പിടിച്ചിട്ടുണ്ടായിരുന്നു .!

ഞാൻ തമാശക്ക് ചോദിച്ചു ,തലയിണക്ക് പാസ്റ്റർടെ പ്രായം ഉണ്ടല്ലോ കളയാറായില്ലേ ? അല്പം മൌനമായശേഷം ബാബുപാസ്റ്റർ വീണ്ടും തുടർന്ന് . ശീമച്ചന് എന്ത് അറിയണമെങ്കിലും ഈ തലയിണയോടു ചോദിച്ചാൽ മതി. പിന്നെ തലയിണയാണ് എന്നോട് സംസാരിക്കുന്നത് എന്നെനിക്കുതോന്നി.

വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ കൂടെ കൂടിയതാണ് ഞാൻ. ഇരുപതു വർഷം പിന്നിട്ടു .! ആദ്യ അഞ്ചുവർഷം പുതിയ പ്രവർത്തനം ഒരു ആളുപോലുമില്ലാത്ത എത്ര സഭായോഗങ്ങൾ . ഒറ്റയ്ക്ക് ദൈവത്തെ ആരാധിച്ച ദിനങ്ങൾ.അന്ന് കരഞ്ഞ കണ്ണുനീർ ഇന്നും തലയിണയുടെ ഉള്ളിലുണ്ട് . വിവാഹ ശേഷം ആരാധനയ്ക്ക് ഞങ്ങൾ രണ്ടു പേരായി. ചേർന്ന്



നില്ക്കുന്ന പ്രസ്ഥാനമോ കൂട്ട് വേലക്കാരോ സഹായിക്കാനില്ല . എല്ലാവരും പ്രാർത്ഥിക്കാം എന്ന വാക്കിൽ മാത്രം ഒതുക്കി .അഞ്ചുവർഷം കരഞ്ഞു ദൈവത്തോട് പറഞ്ഞു ഇവിടെ ഒരു ആരാധനാലയം നിനക്കുവേണ്ടി പണിയണം....... ,. ഇന്ന് മനോഹരമായ സഭാഹാൾ. അറുപതിൽ പരം കുടുംബങ്ങൾ.അവിടുന്ന് പ്രസ്ഥാനം സ്ഥലം മാറ്റം തരുമ്പോൾ കണ്ണുനീരിന്റെയും വിയർപ്പിന്റെയും ഫലം സന്തോഷത്തോടെ കണ്ണുകൊണ്ട് മാത്രം കണ്ടുകൊണ്ട്പടിയിറങ്ങി.മനോഹരമായ ആലയത്തിന്റെയും അതിലെ ആടു കളുടെയും നന്മകൾ ഇന്ന് അവിടെ നേതാക്കളുടെ കുടുംബക്കാർ അനുഭവിക്കുന്നു .ആത്മാക്കൾ നിറഞ്ഞ സഭകൾ ഇന്നും പിടിപാടുള്ളവർക്ക് മാത്രം.മാത്രമോ ആരാധിക്കുന്ന ഹാബേലുമാരെ അന്നും ഇന്നും സുവിശേഷ വയലിൽ കൊന്നുമൂടാൻ കൈയിൻമാർ പിന്നാലെഎന്നതും പലയാവർത്തി തിരിച്ചറിഞ്ഞു.

തുടർന്ന് പ്രസ്ഥാനം അയച്ചിടം എല്ലാം പഞ്ചവൽസര പദ്ധതി തുടർന്നു.ദൈവ പ്രവർത്തി കണ്ടു സന്തോഷിച്ചു. കഴിഞ്ഞ പതിനഞ്ചു വർഷമായി മൂന്ന് സഭകളിരുന്നു. ആവോളം പ്രവർത്തിച്ചു. ആത്മാക്കളെ കണ്ടു സന്തോഷിച്ചു .ഇനി അടുത്ത ഇടത്തേക്ക് . അവിടെ പഞ്ചവൽസര പദ്ധതി നടക്കുമോ എന്നറിയില്ല .കാരണം ആത്മീയത്തിലെ ജഡീകന്മാരുടെ ഒരു കൂട്ടമുള്ള സഭ .നേതാക്കളെ നോക്കാതെ ദൈവത്തെ മാത്രം നോക്കിയാൽ ഈലോകത്ത് ജീവിക്കാൻ കഴിയില്ലെന്ന് പലപ്പോഴും ഭാര്യയോടു പറയുമ്പോൾ , നമുക്ക് ഉള്ളതുകൊണ്ട് കഴിഞ്ഞാൽ മതി കർത്താവ് വരാറായി നമുക്ക് ഒരുങ്ങാം അനേകരെ ഒരുക്കാം അതാ നമ്മളെ കർത്താവു എല്പ്പിചിരിക്കുന്നത് എന്ന ധൈര്യത്തിന്റെ വാക്കുകളായിരിക്കും എപ്പോഴും അവളിൽനിന്നുവരിക.എന്നാൽ പൌലോസു പറയുന്നതുപോലെ നീയും എന്നോട് കൂടെ കഷ്ട്ടം സഹിക്ക എന്നു ഞാൻ പറയുമ്പോൾ, ഉരുളക്ക് ഉപ്പേരിപോലെ അവളുടെ മറുപടിയും പെട്ടെന്നാകും.അതെ പൌലോസ്സ് പറയുന്നതുപോലെ ഞാൻ ഇപ്പോൾത്തന്നെ പാനീയ യാഗമായി ഒഴിക്കപ്പെടുന്നു. നിര്യാണ കാലവും അടുത്തു. ദേ അതുകൊണ്ട് നല്ലപോർ പൊരുതാം നമ്മുടെ ഓട്ടം തികക്കാം. കിരീടം നമുക്കായുണ്ട്. ഉറപ്പുള്ള വാക്കുകൾ.അവളോട് പിന്നെ ഒന്നും മിണ്ടില്ല. സത്യത്തിൽ ദൈവ വേലയിൽ എന്നോടൊപ്പം കഷ്ട്ടം സഹിക്കാൻ തിരഞ്ഞെടുത്തവൾ ജീവിതത്തിന്റെ ഒരു ധൈര്യമാണവൾ. എന്നാൽ മാനുഷിക വശത്തു ചിലപ്പോൾ എനിക്ക് ചിന്തകൾ വരും. മക്കളുടെ വിവാഹം ഒരു കിടപ്പാടം, ഇതെല്ലാം സ്വപ്നം മാത്രം കണ്ടു കണ്ണീരിൽ കുത്തിർന്ന രാത്രികൾ,....

# കൊല്ലപ്പെട്ട കുക്കികളുടെ കൂട്ടസംസ്ക്കാരം; മണിപ്പൂരിൽ വീണ്ടും സംഘർഷ സാധ്യത

ഡൽഹി: മണിപ്പൂരിലെ അക്രമത്തിൽ കൊല്ലപ്പെട്ട കുക്കികളുടെ കൂട്ട സംസ്കാരം മാറ്റിവയ്ക്കാൻ തീരുമാനം. കൊല്ലപ്പെട്ട 35 കുക്കികളുടെ സംസ്ക്കാരം മിസോറാം മുഖ്യമന്ത്രി സോറാംതംഗയുടെ ഇടപെടലിനെ തുടർന്നാണ് തദ്ദേശീയ ട്രൈബൽ ലീഡേഴ്സ് ഫോറം (ഐടിഎൽഎഫ്) മാറ്റിവെച്ചത്. ആഭ്യന്തര മന്ത്രാലയത്തിന്റെ (എംഎച്ച്എ) അഭ്യർത്ഥനയെ തുടർന്നായിരുന്നു സോറാംതംഗയുടെ ഇടപെടൽ. കുക്കികൾ കൂട്ടത്തോടെ സംസ്കരിക്കാനുള്ള തീരുമാനം മെയ്തേയ് വിഭാഗക്കാർക്കിടയിൽ എതിർപ്പ് ഉയർത്തിയിട്ടുണ്ട്. സംസ്ക്കാരത്തിനായി തിരഞ്ഞെടുത്ത സ്ഥലത്തെ ചൊല്ലിയാണ് ഇരുവിഭാഗങ്ങളും തമ്മിൽ തർക്കം നിലനിൽക്കുന്നത്. മെയ്തെയ് വിഭാഗത്തിന് ഭൂരിപക്ഷമുള്ള ബൊൽജാങ്ങിലാണ് കുക്കി സമുദായം കൂട്ടസംസ്കാരം നിശ്ചയിച്ചിരുന്നത്. മണിപ്പൂർ ഹൈക്കോടതിയും ഇന്ന് രാവിലെ വിഷയത്തിൽ ഇടപെട്ട് തൽസ്ഥിതി ആവശ്യപ്പെട്ടിരുന്നു. 5 മണിക്ക് വാദം കേട്ട ശേഷം ട്രൈബൽ ലീഡേഴ്സ് ഫോറത്തിന്റെ നടപടി കോടതി തടയുകയും ചെയ്തിരുന്നു. ആക്ടിങ് ചീഫ് ജസ്റ്റിസ് എം.വി. മുരളീധരൻ, ജസ്റ്റിസ് എ.ഗുണേശ്വർ ശർമ എന്നിവരാണ് വാദം കേട്ടത്. ഈ മാസം ഒൻപത് വരെ തൽസ്ഥിതി തുടരണമെന്നാണ് കോടതി ഉത്തരവ്. സംഘർഷ സാധ്യത കണക്കിലെടുത്താണ് നടപടിയെന്ന് കോടതി വ്യക്തമാക്കി. വിഷയത്തിൽ 'സൗഹാർദപരമായ ഒത്തുതീർപ്പുകൾ' കൊണ്ടുവരാൻ ശ്രമിക്കാനും കേന്ദ്ര സംസ്ഥാന സർക്കാരുകളോട് കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. വിഷയത്തിൽ പ്രതികരണം അറിയിക്കാൻ മണിപ്പൂർ ചീഫ് സെക്രട്ടറിയോടും ഡിജിപിയോടും ആവശ്യപ്പെട്ട കോടതി ഓഗസ്റ്റ് 9 ന് കേസ് വീണ്ടും പരിഗണിക്കും.

**സംസ്ക്കാരത്തിനായി തിരഞ്ഞെടുത്ത സ്ഥലത്തെ ചൊല്ലിയാണ് ഇരുവിഭാഗങ്ങളും തമ്മിൽ തർക്കം നിലനിൽക്കുന്നത്. മെയ്തെയ് വിഭാഗത്തിന് ഭൂരിപക്ഷമുള്ള ബൊൽജാങ്ങിലാണ് കുക്കി സമുദായം കൂട്ടസംസ്കാരം നിശ്ചയിച്ചിരുന്നത്.**



CNL7 MEDIA
Vol. 2 Issue 182
CHRISTIANLIVE DAILY
4
Friday
Pages 5
551

